ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം,
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം -14
Ph: 0471 2580574, 2335844. Email: nftwkerala@gmail.com

നം: എൻ.എഫ്..റ്റി.ഡബ്യു/555/2018/ഡി.പി.ഐ

തീയതി : 26 /06/2018

## സർക്കുലർ

വിഷയം:- ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ (കേരളം) - സർക്കാർ/എയിഡഡ് വിദ്യാലയങ്ങളിൽ പഠിച്ച് 2018 മാർച്ചിലെ എസ്.എസ്.എൽ.സി/ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്ക ണ്ടറി സ്റ്റേറ്റ് സിലബസിൽ പരീക്ഷ എഴുതുകയും എല്ലാ വിഷയങ്ങൾക്കും എ+ നേടുകയും ചെയ്ത അധ്യാപകരുടെ മക്കൾക്കുള്ള ക്യാഷ് അവാർഡും/സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- 12.10.2017 ൽ കൂടിയ ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ 73-ാമത് സംസ്ഥാന പ്രവർത്തക സമിതി യോഗ തീരുമാനം.

****

ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം 73-ാമത് സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സർക്കാർ/എയിഡഡ് വിദ്യാലയങ്ങളിൽ പഠിച്ച് 2018 മാർച്ചിലെ എസ്.എസ്.എൽ.സി/ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്റ്റേറ്റ് സിലബസിൽ പരീക്ഷ എഴുതുകയും, എല്ലാ വിഷയങ്ങൾക്കും എ+ വാങ്ങുകയും ചെയ്ത അധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും നൽകുവാൻ തീരുമാനിച്ചു.

മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ വർഷം മുതൽ ടി അപേക്ഷ ഓൺലൈൻ വഴി സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. www.nftwkerala.org എന്ന സൈറ്റ് വഴിയാണ് അപേക്ഷ നൽകേണ്ടത്. എന്നാൽ ഓൺലൈൻ വഴി അപേക്ഷ നൽകുമ്പോൾത്തന്നെ ടി അപേക്ഷയുടെ പകർപ്പും (ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രഥമാദ്ധ്യാപകർ സാക്ഷ്യപ്പെടുത്തിയത്) എസ്.എസ്.എൽ.സി/ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഉള്ളടക്കം ചെയ്ത്, 2018 ജൂലൈ 25 ന് മുമ്പായി അസിസ്റ്റന്റ് സെക്രട്ടറി, ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം - 695014 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. കവറിന് പുറത്ത് "ദേശീയ അധ്യാപക ക്ഷേമ ഫൗണ്ടേഷൻ ക്യാഷ് അവാർഡ്" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ഓൺലൈൻ വഴി ലഭിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപൂർണ്ണവും, സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഇല്ലാത്തതുമായ അപേക്ഷകൾ (ഹാർഡ് കോപ്പി) ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും മേൽ പരാമർശിച്ച വിവരങ്ങൾ തങ്ങളുടെ അധികാരപരിധിയിൽ വരുന്ന സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർക്ക് കൈമാറേണ്ടതും പ്രഥമാദ്ധ്യാപകർ സ്വവിദ്യാലയത്തിലെ മുഴുവൻ അധ്യാപകരെയും ഇത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

സെക്രട്ടറി - ട്രഷറർ
ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ (കേരളം)

പകർപ്പ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും